# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 671: 19/03/2013- ൽ മറുപടിക്ക്

## വ്യാപാര- വാണിജ്യ മേഖലകൾ

ചോദ്യം

ഉത്തരം

ശ്രീ. പി. സി. വിഷ്ണുനാഥ് :
" ഡൊമിനിക് പ്രസന്റേഷൻ :
" എ. പി. അബ്ദുള്ളക്കുട്ടി :
" ആർ. സെൽവരാജ്:

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാപാര- വാണിജ്യ മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) & (ബി) | സംസ്ഥാനത്ത് കിൻഫ്രയുടെ നേതൃത്വത്തിൽ വ്യവസായ വാണിജ്യ മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് തുറമുഖങ്ങളുടെയും വിമാനത്താവളങ്ങളുടെയും വികസന സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് ഇവയെ ബന്ധപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഇതുവഴി തുറമുഖ വിമാനത്താവള അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി ഈ മേഖലയുമായി ബന്ധപ്പെട്ട് കയറ്റുമതി അധിഷ്ഠിതവും അല്ലാത്തതുമായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഇതു വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് കരുതുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| (സി) | എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | (സി) & (ഡി) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലാണ് വ്യവസായ മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.<br>ഇതുവഴി വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും, പ്രസ്തുത പ്രദേശങ്ങളുടെ സമഗ്ര വികസനവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കുമെന്ന് കരുതുന്നു. |
| (ഡി) | ഈ പ്രദേശങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കും വ്യാപാര-വാണിജ്യ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇത് എത്ര മാത്രം പ്രയോജനപ്പെടുത്തുമെന്നാണ് കരുതുന്നത്? | | |

സെക്ഷൻ ഓഫീസർ